
കുട്ടികൃഷ്ണമേനോൻ

ചിത്രകലയിലൂടെ ആത്മാവിനെ ആവിഷ്കരിച്ച പട്ടാളക്കാരൻ

പി. എസ്. അച്ചൻ



വെടിയും തീയും തുപ്പുന്ന തോക്കെടുത്തു തഴമ്പിക്കേണ്ട കൈകൾ മൃദുലമായ ബ്രഷ്ഷുകൾ പിടിച്ച് ചായച്ചാർത്തു കൂട്ടി മോഹനങ്ങളായ ചിത്രങ്ങൾ രചിയ്ക്കുക—അത് ഒരു വിരോധാഭാസമല്ലേ? പക്ഷേ അതു സംഭവിച്ചു. പടയാളികളുടെ ഇടയിൽ ഒരു കലാകാരൻ ഉയർന്നു. ആ കലാകാരനെ കണ്ടെത്തിയതും വളരുവാൻ അനുവദിച്ചതും ഇന്ത്യയിൽ ഒന്നാമത്തെ ഇന്ത്യൻകമാണ്ടർ-ഇൻ-ചീഫ് ആയ ജനറൽ കെ. എം. കാരിയപ്പയാണ്. ആ വളർന്നുവരുന്ന കലാകാരനത്രേ മുപ്പത്തൊന്നു വയസ്സുകാരനായ ശ്രീ കെ. കുട്ടികൃഷ്ണമേനോൻ.

വള്ളുവനാട് താലൂക്കിൽ താന്നിക്കുന്നത്തു ദേശത്തു കീഴ്ക്കേപ്പാട്ടു തറവാട്ടിലാണു മേനോൻ ജനിച്ചത്. ബാല്യം മുതൽക്കേ ചിത്രകല അഭ്യസിയ്ക്കണമെന്ന് അതിയായ മോഹമുണ്ടായിരുന്നു. പക്ഷേ, മട്രിക്കുലേഷൻ ജയിച്ചതോടു കൂടി മേനോൻ ഒരു പട്ടാളക്കാരനാവുകയാണുണ്ടായത്. കവാത്തുകളും അച്ചടക്കമുറകളും പട്ടാളക്യാമ്പുകളിലെ ജീവിതക്രമങ്ങളും കലാവാസന പോഷിപ്പിയ്ക്കുവാൻ ഉതകിയവയല്ലായിരുന്നു. എങ്കിലും കിട്ടിയ വിശ്രമവേളയൊന്നും പരിശ്രമശീലനായ ശ്രീ മേനോൻ പാഴാക്കിയിരുന്നില്ല. അതിൻ ഫലമായി ചില ചിത്രങ്ങൾ ചില പ്രദർശനങ്ങൾക്കയയ്ക്കുവാൻ സാധിച്ചു. യാതൊരു അഭ്യസനവുമില്ലാതെ, വാസനാവൈഭവം കൊണ്ടു മാത്രം, ഇത്രയും സുന്ദരങ്ങളായ ചിത്രങ്ങൾ രചിച്ച ആ യുവാവായ പടയാളിയിൽ ജനറൽ കാരിയപ്പയ്ക്കു വളരെ സന്തുഷ്ടിയും, തൃപ്തിയും ഉളവായി. ആർമി ഹെഡ്ക്വാർട്ടേഴ്സിൻെറ ചിലവിൽ വേണ്ട എല്ലാ സൗകര്യങ്ങളും നല്കി അദ്ദേഹം കലാഭ്യസനത്തിനായി ബോംബേയിലെ ജെ. ജെ. സ്കൂൾ ഓഫ് ആർട്ടിലേയ്ക്ക് അയയ്ക്കപ്പെട്ടു.


പ്രശംസാർഹമായ വിജയങ്ങളുടെ സമാഹാരമാണ് കലാലയത്തിൽ മേനോൻെറ പഠനം. പരീക്ഷകൾ മിയ്ക്കവയിലും ഒന്നാമനോ രണ്ടാമനോ ആയാണ് മേനോൻ ജയിച്ചിട്ടുള്ളത്. ഇപ്പോൾ ഡിപ്ലോമാ (അവസാനവർഷം) ക്ലാസ്സിൽ പഠിയ്ക്കുന്ന മേനോൻ ഇതു വരേയ്ക്കുമുണ്ടായ സർക്കാർ പരീക്ഷകളിൽ മൂന്നെണ്ണത്തിൽ ബോംബേ സ്റ്റേററിൽ ഒന്നാമനായും, ഒരെണ്ണത്തിൽ രണ്ടാമനായും ജയിച്ചു. കഴിഞ്ഞ വർഷം സ്കൂളിലെ ഏററവും നല്ല വിദ്യാർത്ഥിയ്ക്കുള്ള സമ്മാനവും മിസ്സ്. ഡാളി കർസററ്ജി കോമ്പിറെററീവ് ടെസ്റ്റിൽ ഒന്നാംസമ്മാനമായ മെഡലും, 600ക.യും മേനോൻ കരസ്ഥമാക്കി. രണ്ടാമതെഴുതിയ സമ്മാനം സാധാരണയായി പോസ്റ്റ്ഗ്രാഡ്വേററ് കോഴ്സിൽ (ഡിപ്ലോമാക്കുശേഷമുള്ള ക്ലാസ്സ്) പഠിയ്ക്കുന്ന വിദ്യാർത്ഥികൾക്കാണു ലഭിയ്ക്കാറുള്ളത്. അഡ്വാൻസ് ക്ലാസ്സിൽ പഠിയ്ക്കുന്ന ഒരു വിദ്യാർത്ഥിയ്ക്ക് ആ സമ്മാനം ലഭിയ്ക്കുന്നത് ആദ്യമായാണ്. പുറമെ, വിദ്യാർത്ഥികൾ സംഘടിപ്പിച്ചിട്ടുള്ള സ്കെച്ച്ക്ലബ്ബിൽ നിന്നും പല സമ്മാനങ്ങളും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷമായി സർക്കാർ സ്കോളർഷിപ്പും ഫ്രീഷിപ്പും കിട്ടി വരുന്നു.

കലാരചനയ്ക്കു മേനോനു പ്രചോദനം നല്കുന്നത് അദ്ദേഹം ജനിച്ചു വളർന്ന വള്ളുവനാട്ടിലെ നാട്ടിൻപുറമാണ്. ഗ്രാമീണജനതയുടെ എളിമയും മനുഷ്യസ്നേഹവും അദ്ദേഹത്തിൻെറ ചിത്രങ്ങൾക്കു ജീവൻ നല്കുന്നു. ആ ചിത്രങ്ങളിലൂടെ പ്രത്യക്ഷപ്പെടുന്ന ജീവിതത്തെ നാം അറിയാതെ സ്നേഹിച്ചു പോവും. ശ്രീ മേനോൻെറ രൂപരചന പ്രസിദ്ധ ചിത്രകാരനായ ഗോഗിനെ അനുസ്മരിപ്പിയ്ക്കുന്നു. താനൊരെക്സ്പ്രഷനിസ്റ്റാണെങ്കിൽക്കൂടി അദ്ദേഹം ചിത്രത്തിനു വിഷയമായ വസ്തുക്കളെ യാഥാർത്ഥ്യബോധം നശിയ്ക്കുമാറ് അന്യഥാകരിയ്ക്കുന്നില്ല. അദ്ദേഹത്തിൻെറ താളബോധമാണ് പ്രശംസാർഹമായ മറെറാരു ഗുണം. ശാലീനങ്ങളായ വർണ്ണങ്ങളെ പരസ്പരപൂരകങ്ങളാമ്മാറുപയോഗിച്ച് അദ്ദേഹം തൻെറ രൂപസംവിധാനത്തിന് ജീവചൈതന്യത്തിൻെറ ഇമിഷ് നല്കുന്നു.

ഡിപ്ലോമ എടുത്തതിനു ശേഷം കലാരചനയിൽ ഉപരിപഠനാർത്ഥം പാശ്ചാത്യരാജ്യങ്ങളിലേയ്ക്കു പോകണമെന്നാണ് മേനോൻെറ ആശ. ജോലിയിൽ നിന്നും വിരമിച്ചെങ്കിലും, തൻെറ കീഴിൽ സേവനം ചെയ്തവരുമായി ഏററവും അടുത്ത ബന്ധം പുലർത്തിപ്പോരുന്ന ജനറൽ കാരിയപ്പ ഇന്നും മേനോൻെറ ഉന്നതിയിൽ അതീവ ശ്രദ്ധാലുവാണ്. ശ്രീ മേനോൻെറ ആഗ്രഹം നിറവേറുമെന്ന് നമുക്കാശിയ്ക്കുക.

(ചിത്രങ്ങൾ 22—25 പേജുകളിൽ)


ചിത്രകല—ഒരു സാധന




ഛായാചിത്രം—എണ്ണച്ഛായത്തിൽ



എരുമകളെ കളിപ്പിയ്ക്കൽ (ജലച്ഛായം)   ചുവട്ടിൽ—ജീവിതസമരം (എണ്ണച്ഛായം)







പ്രയത്നം. 2. അമ്മയും കുഞ്ഞും (ജലച്ഛായം). താഴെ-കഥകളി ഭിത്തിചിത്രമാതൃകയിൽ (ജലച്ഛായം)







ീചന്റെ മരണം (ജലച്ഛായം) താഴെ–അലങ്കരണം (ജലച്ഛായം)

ഛായാചിത്രം (എണ്ണ) താഴെ–സ്ത്രീരൂപം (കരിപ്പെൻസിൽ)



